**പതിനാലാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3950 — 24.08.2017 ന് മറുപടിയ്ക്ക്.

**<u>കാട്ടാനകളെ ചെറുക്കുന്നതിനുള്ള പ്രതിരോധപ്രവർത്തനങ്ങൾ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ആനയുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണവും കാട്ടാനകൾ വിളകൾ നശിപ്പിക്കുന്നതുമൂലം സംഭവിക്കുന്ന കൃഷി നാശനഷ്ടവും പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) പരിശോധിച്ചിട്ടുണ്ട്. 2016-17 വർഷം സംസ്ഥാനത്ത് 43 പേർക്ക് കാട്ടാനയുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുകയും, 2,41,76,907/- രൂപയുടെ കൃഷിനാശം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. |
| (ബി) കാട്ടാനകളെ ചെറുക്കാൻ വനം വകുപ്പ് നടത്തുന്ന പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമാവുന്നില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) വനം വകുപ്പിന്റെ ഈ രംഗത്തെ പ്രവർത്തനങ്ങൾ ഏറിയ പങ്കും ഫലപ്രദമാണ്. |
| (സി) എങ്കിൽ ഈ രംഗത്ത് എന്തെങ്കിലും നൂതനമാർഗ്ഗങ്ങൾ കണ്ടെത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) കൃഷിയിടത്തിലേക്കിറങ്ങുന്ന കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികളെ നിയന്ത്രിക്കുന്നതിന് നിലവിൽ അവലംബിച്ചു വരുന്ന മാർഗ്ഗങ്ങൾ കൂടാതെ പ്രതിരോധത്തിനായി റെയിൽ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കൂടുതൽ കുങ്കി ആനകളെ പരിശീലിപ്പിച്ച് കാട്ടാനകളെ പ്രതിരോധിക്കുവാനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. |
| (ഡി) ആവാസ വ്യവസ്ഥ മാറിയതും പരിസ്ഥിതി സന്തുലനം തകർന്നതും കൂടാതെ വനം കയ്യേറ്റത്തിലൂടെ വനവിസ്തൃതി കുറഞ്ഞതുമാണ് ആനയടക്കമുള്ള വന്യജീവികൾ നാട്ടിലേക്കിറങ്ങാൻ കാരണമായതെന്ന് കരുതുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) ആവാസ വ്യവസ്ഥ മാറിയത്, വനത്തിനുള്ളിൽ കുടിവെള്ളം, ആഹാരവസ്തുക്കൾ എന്നിവയുടെ ലഭ്യത കുറയുന്നത്, ആനത്താരകൾ ശിഥിലമാകുന്നത്, വനാതിർത്തി പങ്കിടുന്ന ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കൃഷിരീതികൾ നടത്തുന്നത് എന്നിവയാണ് വന്യജീവികൾ നാട്ടിലേക്കിറങ്ങാൻ കാരണമാകുന്നതെന്ന് കാണുന്നു. |

Lathesh

സെക്ഷൻ ഓഫീസർ